# യേശുവിന്റെ സാക്ഷികളാകുക; മാർ ആൻഡ്രൂസ് താഴത്ത്

വിശ്വാസപരിശീലനം യുവതലമുറയെ ബോധ്യമുള്ള ഹ്രസ്വസാക്ഷികളാക്കുന്നതിനാണെന്ന് മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. തൃശ്ശൂർ ഡി ബി സി എൽ സി യിൽ വെച്ച് 2023-24 വിശ്വാസപരിശീലനവർഷത്തിന്റെ ഉദ്ഘാടനവും മൂന്നു ദിവസമായി നടന്നുവരുന്ന റൂഹാഗ്നി ധ്യാനത്തിന്റെ സമാപനവും നിർവ്വഹിച്ചുകൊണ്ട് പ്രസംഗിക്കുകയായിരുന്നു മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത. ബോധ്യമുള്ള സാക്ഷികളാകാൻ വിശ്വാസപരിശീലകരെ ആഹ്വാനം ചെയ്തു. തൃശ്ശൂർ അതിരൂപതയിലെ വിശ്വാസപരിശീലകർക്കായി വർഷാരംഭത്തിന് മുന്നോടിയായി റൂഹാഗ്നി ധ്യാനം സംഘടിപ്പിച്ചു. ബഹു. സേവ്യർഖാൻ വട്ടായിലച്ചന്റെ നേതൃത്വത്തിൽ മെയ് 25, 26, 27 തിയതികളിലായി ഡി ബി. സി. എൽ. സി ഓഡിറ്റോറിയത്തിൽ വെച്ചാണ് ധ്യാനം നടന്നത്. വിശ്വാസ പരിശീലകരും മാതാപിതാക്കളുമടക്കം ആയിരത്തോളം പേർ പരിശുദ്ധാത്മാഭിഷേക ധ്യാനത്തിൽ പങ്കെടുത്തു.

27-ാം തിയതി നടന്ന 2023-24 വിശ്വാസപരിശീലന വർഷത്തിന്റെ ഉദ്ഘാടന പരിപാടികൾക്ക് വിശ്വാസപരിശീലന ഡയറക്ടർ ഫ്രാൻസിസ് ആളൂരച്ചൻ സ്വാഗതവും വിശ്വാസ പരിശീലന കൗൺസിൽ കൺവീനർ ജോർജ് വി കെ നന്ദിയും പറഞ്ഞു. നഴ്സറി കുട്ടികളുടെ പഠനത്തിനായുള്ള പുതിയ പുസ്തകത്തിന്റെയും വിശ്വാസ പരിശീലകർക്കായുള്ള വാർഷിക പ്രോഗ്രമിന്റെ പ്രകാശനവും ഈ ചടങ്ങിൽ നടത്തി.

വികാരി ജനറാൾ റവ. ഫാ. ജോസ് കോനിക്കര, ധ്യാനഗുരു സേവ്യർ ഖാൻ വട്ടായിലച്ചൻ, അസി, ഡയറക്ടർ റവ. ഫാ. സിജോ മുരിങ്ങാത്തേരി, കൗൺസിൽ പ്രസിഡണ്ട് മാത്യു കൂള, വിദ്യാർത്ഥി പ്രതിനിധികളായ ഡെറിക്, സൂസൻ എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

ഫോട്ടോ അടിക്കുറിപ്പ്

വിശ്വാസപരിശീലനവർഷ ഉദ്ഘാടനത്തിന് മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത വിദ്യാർത്ഥിപ്രതിനിധികളോടൊപ്പം തിരിതെളിയിക്കുന്നു.